**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6306 — 08.11.2016 ൽ മറുപടിക്ക്

## ഭരണം പൂർണ്ണമായും ഇ-ഗവേർണൻസ് രീതിയിലാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.സ്വരാജ്** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്തെ ഭരണം പൂർണ്ണമായും ഇ-ഗവേർണൻസ് രീതിയിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | (എ) സംസ്ഥാനത്ത് ഭരണ നിർവ്വഹണത്തിൽ ഇ-ഗവേണൻസിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താൻ തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (ബി) ഇ-ഗവേണൻസ് പദ്ധതികളുടെ കാര്യക്ഷമമായ നിർവഹണത്തിനായി വകുപ്പുതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇ-ഗവേണൻസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി മുഖ്യമന്ത്രി തലവനായിട്ടുള്ള സ്റ്റിയറിങ്ങ് കമ്മിറ്റിയും, ചീഫ് സെക്രട്ടറി തലവനായിട്ടുള്ള അപ്പെക്സ് കമ്മിറ്റിയും നിലവിലുണ്ട്.<br><br>എല്ലാ വകുപ്പുകളും വിവിധ തലങ്ങളിൽ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നുണ്ട്. വിവിധ വകുപ്പുകൾ അടിസ്ഥാന തലത്തിലുള്ള വെബ്സൈറ്റുകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇത് വഴി പൊതുജനങ്ങൾക്ക് അറിയിപ്പുകൾ നൽകാനും, അവരുമായി ആശയ വിനിമയം നടത്തുന്നതിനും സാധിക്കുന്നുണ്ട്. ഇ-പ്രൊക്യൂർമെൻറ്, ഇ-ഓഫീസ്, ഇ-ഡിസ്ട്രിക്ട് എന്നീ ആപ്ലിക്കേഷനുകളുടെ ഉപയോഗം നിർബന്ധമാക്കിയിട്ടുള്ളതിനാൽ വളരെയധികം വകുപ്പുകൾ/ ഓഫീസുകൾ ഇ-ഗവേണൻസ് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ, ചില വകുപ്പുകൾ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനായി ഇ-ഓഫീസ്, ഡി.ഡി.എഫ്.എസ് മുതലായ ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നത് വഴി |

പേപ്പർരഹിത ഓഫീസുകളായി മാറുന്നതിനുള്ള ചുവട് വയ്പ്പ് നടത്തിയിട്ടുണ്ട്. കൂടാതെ, വിവിധ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ സംയോജിപ്പിച്ചു കൊണ്ടുള്ള ഒരു ഏകീകൃത എം-ഗവേണൻസ് മൊബൈൽ ആപ്ലിക്കേഷൻ സംസ്ഥാന ഐടി മിഷൻ വഴി വികസിപ്പിച്ചു വരുന്നുണ്ട്.

ഇ-ഗവേണൻസ് നടപ്പാക്കുന്നതിനായി സംസ്ഥാന ഡാറ്റ സെന്റർ, സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്, വിഡിയോ . കോൺഫറൻസ്, മുതലായ അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ട്. ഡാറ്റാ സെന്റർ നവീകരണം/ ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ ശാക്തീകരണം, സെക്യൂരിറ്റി ഓപ്പറേഷൻ സെന്ററുകളുടെ സജ്ജീകരണം, ഇ-ഓഫീസ് സംവിധാനം വ്യാപിപ്പിക്കൽ, കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (KSWAN) നവീകരണം എന്നീ പ്രവർത്തനങ്ങളും നടത്തി വരുന്നു.

ഇ-ഗവേണൻസ് കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉദ്യോഗസ്ഥരുടെ ഐ.ടി. പ്രാഗൽഭ്യം വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം നടത്തി വരുന്നു. കൂടാതെ, സർക്കാർ തലത്തിൽ വിവരസാങ്കേതിക വിദ്യയുടെ വ്യാപനം ത്വരിതപ്പെടുത്തുന്നതിനു വേണ്ടി തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വെർച്വൽ ഐ.ടി കേഡർ രൂപീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | നിലവിൽ കമ്പ്യൂട്ടർവൽക്കരണം നടക്കുന്ന വകുപ്പുകളിൽ ഐ.ടി. മിഷന്റെ വിദഗ്ദ്ധരുടെ സേവനവും നിരീക്ഷണവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | വിവിധ വകുപ്പുകളുടെ ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ സാങ്കേതിക പിന്തുണ നൽകുന്നതിന് കേരള സംസ്ഥാന ഐ. ടി. മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപ്രകാരമുള്ള കൺസൽട്ടൻസി സേവനങ്ങൾ കേരള സംസ്ഥാന ഐ. ടി. മിഷൻ നൽകി വരുന്നുമുണ്ട്. ചില പദ്ധതികളുടെ മേൽനോട്ടത്തിനുള്ള കമ്മിറ്റികളിൽ ഐ.ടി.മിഷൻ പ്രതിനിധിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ